ചെറുകഥ

ജോയിക്കുട്ടി, ടിഡ്രോയിറ്റ്

# നിസ്സഹായകർ

അപ്രതീക്ഷിതമായാണ് ആ കാര്യം കേൾക്കുന്നത്. ജീവിതത്തിൽ പലതും അപ്രതീക്ഷിതമായിട്ടാണല്ലോ കേൾക്കുന്നതും അനുഭവിക്കുന്നതും.

സ്വന്തം നാടായ കേരളത്തിലേക്ക് രവിക്ക് കമ്പിനി വക ബിസിനസ്സ്ടൂർ. പ്ലയിനിൽ ഒന്നാംക്ലാസ്സിൽ യാത്ര. കേരളത്തിൽ പഞ്ചനക്ഷത്ര ഹോട്ടലിൽ താമസം. ഒരാഴ്ചത്തെ മാത്രം സമയം.

അമേരിക്കയിലെ ഒരു വലിയ കമ്പനിയിൽ എക്സിക്യൂട്ടീവായി അറുപത്തഞ്ചിനുമേൽ പ്രായമുള്ള അയാൾ ജോലി ചെയ്യുകയാണ്. കമ്പനിക്ക് നേട്ടങ്ങളല്ലാതെ കോട്ടങ്ങൾ ഒന്നും ഇതുവരെ സംഭവിച്ചിട്ടില്ല എന്നതു സത്യം. അതുകൊണ്ടാണല്ലോ വലിയ ശമ്പളവും എല്ലാവിധ ബഹുമാനങ്ങളും നൽകി കമ്പിനി അയാളെ ആദരിക്കുന്നത്.

മാതാവും പിതാവും ഏക സഹോദരനും മൃത്യുവിനിരയായ അയാൾക്ക് മറ്റു ബന്ധുമിത്രാദികൾ ധാരാളം ഉണ്ടായിരുന്നു നാട്ടിൽ. ഈ ഹൃസ്വമായ യാത്രയിൽ അവരെ ആരേയും കാണാൻ അയാൾ ഉദ്ദേശിച്ചില്ല ഭാര്യാവീട്ടുകാരേയും എല്ലാം കാണാൻ പോയാൽ യാത്രാ ഉദ്ദേശം ഒരുപക്ഷേ നൂറു ശതമാനവും വിജയിച്ചു എന്നു വരികില്ല. ഭാര്യയോടുപോലും കറാച്ചിയിൽ പോകുന്നു എന്നാണ് കളവു പറഞ്ഞിരിക്കുന്നത്. ഇല്ലങ്കിൽ അവൾ തന്നു വിടുന്ന സാധനങ്ങൾ എല്ലാം പേറി അവൾ പറയുന്നവരെയെല്ലാം പ്രീതിപ്പെടുത്തിയെങ്കിലേ അവളുടെ പ്രീതിക്ക് ഇടയാകത്തുള്ളല്ലല്ലോ.

വളരെയധികം വഷങ്ങളായി നാട്ടിൽ പോകാതിരുന്നതുമൂലം അഥവാ നാട്ടിൽ വെച്ച് ആരെയെങ്കിലും കണ്ടാൽ തന്നെ അവർ പരസ്പരം അറിയാനിടയില്ലല്ലോ.

രവി ആവശ്യപ്പെട്ട ലോകത്തിലെ ഏറ്റവും കൂടിയ തരം വിമാനത്തിലായിരുന്നു സഞ്ചാരം. അതിലെ ഒന്നാംക്ലാസിൽ ഉള്ള യാത്ര സ്വർഗ്ഗത്തുകൂടെ യാത്ര ചെയ്യുന്നതുപോലെ പരമ സൗഖ്യമായിരുന്നു. ആ വലിയ വിമാനത്തിൽ അയാൾ ഒരൊറ്റയാൾ മാത്രമേ ആ ഒന്നാംക്ലാസ് സീറ്റിൽ യാത്ര ചെയ്തിരുന്നുള്ളു. ആ വിമാനത്തിലെ ഏറ്റവും സൗന്ദര്യതിടമ്പുകളായ വായു തരുണിമാരുടെ പരിചരണത്തിൽ അയാൾ സസുഖം നാട്ടിൽ എത്തി.

എല്ലാ അന്തർദേശീയ വിമാനത്തിലെ ഒന്നാംക്ലാസ്യാത്ര വളരെ സൗഖ്യമേറിയതാണ്. എന്നാൽ ഈ വിമാനത്തിലേത് അതിലെല്ലാം പതിന്മടങ്ങ് സൗഖ്യകരമായിരുന്നു.

കേരളത്തിലെ ആ വലിയ പട്ടണത്തിലെ ഏറ്റവും മുന്തിയ പഞ്ചനക്ഷത്ര ഹോട്ടലിലെ ഏറ്റവും വില കൂടിയ ഒരു സ്യൂട്ടായിരുന്നു അയാൾക്കായി എടുത്തിരുന്നത്. അയാൾ നാട്ടിൽ എത്തിയ വിവരം നാട്ടിലുള്ള അയാളുടെ ഒരു പരിചയക്കാരനുപോലും അറിയത്തില്ലായിരുന്നു. അവരെയെല്ലാമറിയിച്ചിട്ടു പ്രത്യേകം കാര്യമില്ലന്ന് അയാൾക്കറിയാമായിരുന്നു.

അയാൾ താമസിക്കാനെത്തിയ ഹോട്ടലിലെ എല്ലാ ജോലിക്കാരും അയാളെ വളരെയധികം ബഹുമാനിക്കുന്നതയാൾക്ക് ബോദ്ധ്യപ്പെട്ടു.അവക്കെല്ലാമറിയാമായിരുന്നു അയാൾ ആരെന്നുള്ളത്. കൂടാതെ വിമാനത്തിൽ ഒന്നാംക്ലാസിൽ യാത്രചെയ്തു വരുന്നവരെ ഹോട്ടലുകാർ വളരെ ബഹുമാനിക്കുമല്ലോ. സാധാരണക്കാരനെ ആരെക്കൊണ്ടും സാധിയ്ക്കാത്ത ഒരു വലിയ കാര്യമാണല്ലോ.

വളരെയധികം സംസാരിക്കുന്ന രവി കേരളത്തിലെ ഈ ഹൃസമായ താമസ സമയത്ത് അമിതഭാഷണം ഭൂഷണമാക്കാതിരിക്കണമെന്ന് വിചാരിച്ചു. അമിതഭാഷണം നിമ്മലഹൃദയമുള്ളവരുടേതാണെന്നും തന്മൂലം വായ്നാറ്റം ഇല്ലാതാകുമെന്നും പറയാറുള്ള രവി ഈ കേരള സന്ദശനത്തിടയിൽ സംസാരം ഇംഗ്ലീഷിലാക്കിയാലോ എന്നുപോലും കരുതി. നമ്മുടെ ആൾക്കാർ അത് മലയാളിയായ തന്റെ അല്പത്വമെന്ന് ശങ്കിക്കുമോയെയെന്നു ഭയപ്പെട്ടു.

യൂണിഫോം ധരിച്ച മിടു മിടുക്കനായ നാണുവായിരുന്നു അയാളുടെ റൂംബോയി ആയി നൽകപ്പെട്ടത്. അയാൾക്കെന്തെല്ലാം ആവശ്യങ്ങൾ ഉണ്ടെങ്കിലും റൂംബോയിയോടു പറഞ്ഞാൽ മതി: ഭക്ഷണങ്ങൾ എല്ലാം മുറിയിൽ കൊണ്ടു വരണമോ! മരുന്നുകൾ വല്ലതും കഴിക്കേണ്ടത് ഓർമ്മിപ്പിക്കേണ്ടതുണ്ടോ! റൂമിൽ പ്രത്യേകമായി ഭ്രിട്ജോ ലോക്കറോ കൊണ്ടുവയ്ക്കണമോ? മദ്യം ഏതാണ് ഉപയോഗിക്കുന്നത്! കാലത്ത് എപ്പോൾ വിളിച്ച് എഴുന്നേല്പിക്കണം! ബഡ്കാഫി കൊണ്ടു വരണമോ! അങ്ങിനെ അയാളുടെ എല്ലാ കാര്യങ്ങളും നോക്കി നടത്താൻ മിടുമിടുക്കനായിരുന്നു നാണു. അയാൾ വന്ന ദിവസം തന്നെ നാണു അന്വേഷിച്ചു:

''സാറെ നല്ല പതിനെട്ടു വയസ്സുള്ള കോളേജുകുമാരിയുണ്ട്''

അയാൾ ചിരിച്ചു കാണിച്ചത് സമ്മതമാക്കി. അത്താഴമെല്ലാം കഴിഞ്ഞ് രാത്രി ഏകദേശം പത്തു മണിയായപ്പോൾ കതകിന് മുട്ട്. തുറന്നു നോക്കിയപ്പോൾ കണ്ണുകളെ വിശ്വസിക്കാൻ വയ്യാതായി! ഒരു കൊച്ചു സുന്ദരി വാതിൽക്കൽ. തീരെ വണ്ണമില്ലാതെ നല്ല വെളുത്ത നീളമുള്ള ഒരു പെണ്ണ്.

രവിക്ക് ദേഹമാകെ വിറക്കുന്നതുപോലെ; തൊണ്ട വരളുന്നതുപോലെ; കൈകാലുകൾ ആലിലപോലെ വിറയ്ക്കാൻ തുടങ്ങി. അയാളുടെ ജീവിതത്തിൽ ആദ്യമായാണ് അന്യസ്ത്രീകളുമായ് ഒരു ബന്ധത്തിന് ഒരുമ്പെടുന്നത്. ഭയങ്കരമായ ഹൃദയമിടുപ്പ്. വഷങ്ങൾക്കു മുമ്പ് ആദ്യരാത്രിയിലും അയാൾക്ക് ഈ അനുഭവം ഉണ്ടായി. അന്ന് സുമതി, അയാളുടെ ഭാര്യ ചിരിച്ചുകൊണ്ട് അയാളുടെ ഭയമെല്ലാം മാറ്റി.

''ഇതെന്നാ ഇത്ര ഭയപ്പെടുന്നത്''
സുമതി

''ഞാൻ ഇതിനു മുമ്പ്'' രവി

''മതി, മതി ആണുങ്ങൾ ഇത്ര ഭയപ്പെടാമോ?''

അന്ന് സുമതി കാണിച്ച ധീരമായ പ്രവൃത്തിയെ അയാൾ എന്നും പുകഴ്ത്താറുണ്ടായിരുന്നു. ഒരിക്കൽ അവൾക്കും ഇതുപോലെ ഭയമുണ്ടായിരുന്നത് മാറ്റി കിട്ടിയ കഥ അവൾ അയാളോടോ മറ്റാരോടോ ഇതുവരെ പറഞ്ഞിട്ടില്ല. ആരോടും പറയാനും പറ്റത്തില്ലല്ലോ.

മുറിയിൽ വന്ന പെണ്ണ് തുണികൾ ഓരോന്നായി മാറ്റി കൊണ്ടിരുന്നു. അയാൾ ശരിക്കും വിറയ്ക്കുകയും വിയക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ശീതളീകരിച്ച ആ മുറിയിൽ ഫാനും ഏറ്റവും വേഗത്തിൽ കറങ്ങിയിട്ടും അയാൾ വിയപ്പിൽ കുളിച്ചു.

അവൾ പൂണ്ണനഗ്നയായി ആ മുറിയിലെ പ്രഭാപൂരിതത്തിൽനിന്നു. മെല്ലിച്ച എല്ലുന്തിയ മുലപോലും ഇല്ലാത്ത ആ പെണ്ണിനെ കണ്ടാൽ പതിനെട്ടുകാരിയെന്ന് ആരും പറയത്തില്ല. കൂടിവന്നാൽ പന്ത്രണ്ടു വയസ്സുള്ള തന്റെ കൊച്ചുമകളുടെ പ്രായമുള്ള ഒരു കൊച്ചുപെണ്ണ്. ആ രൂപത്തിൽ അവളെ കണ്ടിട്ട്അയാൾക്ക് യാതൊരു ലൈഗിക വികാരവും ഉണ്ടായില്ല. ഉദീപ്തമായ പൗരുഷമില്ലാത്ത ഒരു പുരുഷനെകൊണ്ട് ഒരു ലൈഗികപ്രവൃത്തിക്ക് പറ്റുകയില്ലല്ലോ.

സാരിയുമുടുത്ത് മുല്ലപ്പൂവും ചൂടി അവളെക്കണ്ടാൽ ആരും മോഹിച്ചു പോകുന്ന ഒരു കൊച്ചുസുന്ദരിയായിരുന്നു. എന്നാൽ വിവസ്ത്രയായ് എല്ലിൻകൂടുമായി മുൻപിൽ നിൽക്കുന്ന അവളെക്കണ്ടാൽ വെറുപ്പ് തോന്നിപ്പോകും.

പണ്ടൊരു കൂട്ടുകാരന്റെ ഭാര്യ ചോദിച്ചത് ഓമ്മയിൽ എത്തുകയാണ് ''എന്തു കണ്ടിട്ടാ അവളെ നോക്കിയിരിക്കുന്നത്! എനിക്കുള്ളതിൽ കൂടുതൽ എന്ത് അവളിലിരിക്കുന്നു''

പതിനെട്ടു വയസ്സുള്ള സുന്ദരിയായകോളേജുകുമാരിയുമായി സഹശയനം നടത്താമെന്നും മറ്റും ഒരായിരം സുന്ദരസ്വപ്നങ്ങൾ നെയ്തുകൂട്ടിയത് ഈ പേക്കോലത്തിനു വേണ്ടിയായിരുന്നോ എന്നയാൾ ചിന്തിച്ചുപോയ്.

''നിന്റെ പേരെന്താണ്?''

''സുലോചന''

''അഛനും അമ്മയുമില്ലേ''

''അഛൻ മരിച്ചുപോയ്. അമ്മ രോഗിയായ് കിടപ്പിലാണ്. ഇളയ രണ്ടു സഹോദരങ്ങൾ ഉണ്ട്. മറ്റു യാതൊരു മാഗ്ഗവുമില്ലാതെ ജീവിക്കാൻ വേണ്ടിയാണ് ഞാൻ ഇങ്ങിനെ! എന്റെ വീട്ടിലാക്കും അറിയില്ല. ഞാൻ ഏതോ ജോലിക്കു പോകുന്നു എന്നു മാത്രം അവക്കറിയാം. പകൽ കോളേജിൽ പോകുന്നുണ്ട്''

''നീ എങ്ങിനെ''

''പെട്ടുപോയ്. ഹൈസ്ക്കൂൾ പാസായ് നിന്ന നേരം അയൽ പക്കത്തെ കൊച്ചേട്ടൻ ജോലി വാങ്ങിത്തരാമെമെന്ന് പറഞ്ഞ് വിളിച്ച് ഹോട്ടലിൽ കൊണ്ടുപോയി. ജോലി കിട്ടിയുമില്ല അവിടെ വച്ചായിരുന്നു തുടക്കം. പിന്നെ ഇവിടുത്തെ നാണു, അതുപോലെ ചിലരുമായ് ബന്ധമായ്; അവക്ക് കമ്മീഷൻ കൊടുക്കാമെന്ന കരാറിൽ. ഏതെങ്കിലും നല്ല പ്രായമുള്ള ആൾക്കാക്ക് വേണ്ടി മാത്രമേ ഇപ്പോൾ പോകാറുള്ളു. വല്ലപ്പോഴുമൊരിക്കൽ പോയാൽ മതി. അവർ കൈ നിറച്ച് തരും.പ്രായമുള്ളവരാകുമ്പോൾ പരാക്രമം കാണിക്കത്തില്ല. പ്രായമുള്ളവക്കേ എന്നെപ്പോലെയുള്ള കൊച്ചു പെണ്ണുങ്ങളെ ശരിക്കും സുഖിപ്പിക്കാനുമറിയത്തുള്ളു. ചെറുപ്പക്കാർ ആണെങ്കിൽ അവരുടെ കാര്യവും കണ്ട് വല്ല നക്കാ പിച്ചയും തന്നിട്ട് പോകും. പിന്നെ എഴുന്നേൽക്കാൻ വയ്യാത്ത ക്ഷീണവുമായിരിക്കും ഫലം. കൈ നിറച്ചു കാശുകിട്ടിയാൽ കുറച്ചു കാലത്തേക്ക് സുഖമായി ജീവിക്കാമല്ലോ''

''അപ്പോൾ ഈ ജീവിതം നിനക്കിഷ്ടമല്ലേ''

''ഒരു പെണ്ണുങ്ങൾക്കും ഇഷ്ടമായിരിക്കത്തില്ല. എനിക്ക് ഒട്ടും.''

''എങ്ങിനെ എന്റെയടുക്കൽ''

''സാർ വരുന്നതിന് ഒരാഴ്ച മുമ്പെ നാണു വിവരം പറഞ്ഞതാണ്. അമേരിക്കയിലെ ഒരു മുന്തിയ കമ്പിനിയിലെ ഏറ്റവും വലിയ ഓഫീസർ - വളരെ പ്രായമുള്ള ഒരു മലയാളി ഒരാഴ്ച ഇവിടെ കാണുമെന്നെല്ലാം. അന്നു മുതൽ സാറിനെ കാത്തിരിക്കുകയായിരുന്നു ഞാൻ.''

''എന്റെടുക്കൽ നിന്നും നീ എന്തു തുക പ്രതീക്ഷിക്കുന്നു''

''സാറു തരുന്നത് വാങ്ങും. അല്ലാതെ കണക്കും മറ്റും പറഞ്ഞ് വാങ്ങിക്കാനുള്ള സാമത്ഥ്യം എനിക്കില്ല.''

കൊച്ചുമകളുടെ പ്രായമുള്ള ഒരു കൊച്ചുപെൺകുട്ടി; തുണിയെല്ലാം പറിച്ചിട്ടിട്ട് ''മുത്തഛാ എന്നെ കുളിപ്പിക്ക്'' എന്നു പറഞ്ഞ് നിൽക്കുന്നതുപോലെ അയാൾക്കു തോന്നി. അയാൾ അവളുടെ അടുക്കൽ ചെന്ന് അവളെ കെട്ടിപ്പിടിച്ച് മൂദ്ധാവിൽ ചുംബിച്ചുകൊണ്ട് പൊട്ടിക്കരഞ്ഞു പോയി.

''ഇന്നാ ഇത് ഒരു ലക്ഷം രൂപായുണ്ട് കൊച്ച് ഈ തുണിയെല്ലാം ഉടുത്തോണ്ട് പോകൂ.''

''അയ്യൊ! അതെന്താ, എന്നെ ഇഷ്ടപ്പെട്ടില്ലേ? ഓരോരുത്തർ എന്നേയോ എന്നെപ്പോലുള്ള കൊച്ചു പെണ്ണുങ്ങളെയോ കിട്ടാൻ കൊതിക്കുന്നു. വല്ല ചെറുപ്പക്കാരുടെയും കയ്യിൽ കിട്ടിയായിരുന്നെങ്കിൽ ഈ രാത്രി മുഴുവൻ ഉറങ്ങാൻ സമ്മതിക്കില്ലായിരുന്നു.

അയാൾ കൊടുത്ത പണം അവൾക്ക് കൈ നിറയെ ഉണ്ടായിരുന്നു. അന്നേരം അത്രയും തുകയേ അയാളുടെ കയ്യിൽ ഇൻഡ്യൻ മണിയായി ഉണ്ടായിരുന്നുള്ളു.

അയാൾ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ കരയാൻ തുടങ്ങി. അവളുടെ ജീവിതത്തിൽ ഇതുപോലൊരനുഭവം ഇതാദ്യമായിട്ടാണ്. പ്രായമുള്ളവരുമായുള്ള ബന്ധത്തിനു മാത്രമേ അവൾ പോകാറുള്ളു. അവർ മാന്യമായ് പെരുമാറും. ആ കൊച്ചുപെണ്ണിന് ആവശ്യത്തിനുള്ള സന്തോഷവും സംതൃപ്തിയും പണവും അവരിൽ നിന്നെല്ലാം കിട്ടുമായിരുന്നു. യതൊന്നുകൊണ്ടും ഭയപ്പെടേണ്ടതുമില്ലായിരുന്നു.

വസ്ത്രങ്ങൾ എല്ലാം ധരിച്ച് അവൾ പണവുമായ് യാത്രയായി. മടങ്ങി പോകാൻ നേരം മുറിയുടെ പുറകിലുള്ള വാതിലിൽ കൂടെ അവൾ പോയ്. മുൻപിൽ കൂടെ പോയാൽ നാണു പണം തട്ടിപ്പറിച്ചെങ്കിലോ എന്നവൾ ഭയപ്പെട്ടു. കട്ടൻ മൂലം മൂടി കിടന്ന ആ പിൻ വാതിൽ അപ്പോഴാണ് അയാൾ കാണുന്നതും.

അവൾ പോയത് നന്നായി; അയാളോത്തു. പണ്ടൊരിക്കൽ ഒരു സുഹൃത്ത് അമേരിക്കയിൽ നിന്ന് അവധിക്കുവന്നത് ഗുലുമാലായി. അവസാനം പെൺവാണിഭകേസായി. അയാളിൽ നിന്ന് പിടുങ്ങാവുന്നതിന്റെ പരമാവധി തട്ടി. അയാളുടെ പേരും ഫോട്ടോയുമെല്ലാം നാട്ടിലെ പത്രങ്ങളിലെല്ലാം പ്രസിദ്ധീകരിച്ചു. നാട്ടുകാക്കും വീട്ടുകാക്കുമിടയിൽ നാണക്കേടായി. ഇനിയൊരിക്കലും നാട്ടിൽ വരത്തില്ലന്നയാൾ ശപഥം ചെയ്തിരിക്കയാണ്. ഒരു നിമിഷനേരത്തെ സൗഖ്യത്തിനുവേണ്ടി എന്തെല്ലാംപൊല്ലാപ്പുകളാണ്. ഇങ്ങിനെ പലതും ചിന്തിച്ചയാൾ വളരെ നേരം ഇരുന്നു.

അല്പം കഴിഞ്ഞപ്പോൾ കതകിനു മുട്ടുകേട്ടു. നാണുവായിരിക്കും അവനെന്തിന് ഈ അസമയത്ത് വീണ്ടും വരുന്നു. ഞാനുറങ്ങുന്ന സമയമായല്ലോ. എന്തായാലും കതകു തുറക്കാം. കതകു തുറന്നപ്പോൾ കണ്ടത് പോലീസുകാരും സബ്ഇൻസ്പെക്ടറും മുൻപിൽ.

''സാറിന്റെ മുറി ഒന്നു പരിശോധിക്കണം. ഇവിടെ പല മുറികളിൽ നിന്നും പെണ്ണുങ്ങളെ പിടിച്ചിരിക്കുന്നു. ഇവിടെയുമുണ്ടോയെന്നറിയണം.''

''ഏയ് ഇവിടെയാരുമില്ല. ഇവിടെയാരും വന്നിട്ടില്ല. ഞാൻ സ്റ്റേറ്റ്സിൽ നിന്നും ബിസിനസ്സ് സംബന്ധമായി വന്ന ഒരു അമേരിക്കൻ സീനിയർ പൗരനാണ്.''

പോലീസുകാർ മുറിയെല്ലാം പരിശോധിച്ചു. അവക്ക് യാതൊരു തുമ്പും അവിടെ നിന്നും കിട്ടിയില്ല. രവി അമേരിക്കൻ പൗരനാണന്നറിഞ്ഞപ്പോൾ പോലീസുകാക്ക് ജാള്യമായി.

അവർ പോയ്കഴിഞ്ഞപ്പോ

ൾ അയാൾ ഈശ്വരന് നന്ദിപറഞ്ഞു ഒരു വലിയ വിപത്തിൽ നിന്നും രക്ഷപെട്ടല്ലോ. അവളുടെ കൂടെ ഈ രാവു കഴിഞ്ഞിരുന്നെങ്കിൽ..... ഹോ, ചിന്തിക്കാൻ വയ്യ.

നേരം പരപരാ വെളുക്കുംമുമ്പെ അയാൾ മറ്റൊരു പഞ്ചനക്ഷത്ര ഹോട്ടലിലേക്ക് മാറി താമസിച്ചു. ആ ഹോട്ടലിലെ മൂന്നാം നിലയിലെ ഒരു വലിയ സ്യൂട്ടായിരുന്നു കിട്ടിയത്. ആ മുറിയുടെ ഒരു വശത്തുള്ള ജനാലക്കടുത്തുള്ള കർട്ടൻ മാറ്റി പരിസരം വീക്ഷിച്ചു. അയാൾ ഞടുങ്ങിപ്പോയി. അയാളുടെ ബൈനാക്കുലർ എടുത്ത് നോക്കിയപ്പോൾ കണ്ട കാഴ്ച ഭയങ്കരമായിരുന്നു. കഴിഞ്ഞ രാത്രി അയാളുടെ അടുക്കൽ വന്ന സുലോചന എന്ന പെൺകുട്ടി തൊട്ടടുത്തുള്ള വീടിന്റെ പുരയിടത്തിൽ മരിച്ചു കിടക്കുന്നു. അവിടെ മുഴുവൻ ആൾക്കൂട്ടം. പിന്നീടയാൾ അറിഞ്ഞത്, അവളെ അവളുടെ വീടിന്റെ മുൻപിലുള്ള പുരയിടത്തിൽ വെച്ച് ആരോ ബലാംൽസംഗം ചെയ്ത ശേഷം കൊന്നിരിക്കുന്നു എന്നാണ്.

അവൾ മുറിവിട്ട് പോകാൻ നേരം അയാൾ പ്രത്യേകം ചോദിച്ചതാണ് ''ഈ സമയത്ത് ഈ ഹോട്ടലിന്റെ പുറകിൽ കൂടെ പോയാൽ''

''അതിലെ മെയിൻറോഡിൽ ചെല്ലാം അവിടെ ഓട്ടോറിക്ഷാകൾ ഉണ്ട്. അവക്കെല്ലാം എന്നെ അറിയാം.അവരെന്നെ സുരക്ഷിതമായി എന്റെ വീട്ടിൽ എത്തിക്കും.''

അയാളുടെ ജോലികഴിഞ്ഞ് മടങ്ങി പോകുന്നതിന് മുൻപയാൾ അറിഞ്ഞ വിവരം: ഹോട്ടലിൽ നിന്നു മടങ്ങിപോയ അവളുടെ പുറകെ ബൈക്കിൽ എത്തിയ നാണു; അവളെ അവളുടെ വീടിന്റെ മുൻപിലെ പുരയിടത്തിലിട്ട് ബലാൽസംഗം ചെയ്ത്, അവളെ കഴുത്തിൽ കയറിട്ടു കുരുക്കികൊന്നശേഷം അവളുടെ കയ്യിലെ പണവും അപഹരിച്ചിട്ട് കടന്നുകളഞ്ഞു.

എന്നാൽ അന്നേക്ക രണ്ടാം പക്കം നാണുവിന്റെ കൂടെ ജോലി ചെയ്തിരുന്ന ശങ്കരപിള്ള നാണുവിനെ കൊല ചെയ്ത് അവന്റെ പക്കലുണ്ടായിരുന്ന ലക്ഷം രൂപാ കവച്ച് ചെയ്തു. ശങ്കരപിള്ളയെ മറ്റു ജോലിക്കാർ പിടിച്ച് പോലീസിൽ ഏല്പിച്ചു.

രവിക്കിപ്പോഴും മനസ്സിലാകാത്തത് - അവളെ എന്തിന് ബലാൽസംഗം ചെയ്തു. അവളോടു പറഞ്ഞാൽ ഇടപാടുകാരന് അവൾ വശംവദയാകത്തില്ലേ? അപ്പോഴതല്ല സംഭവിച്ചത്:

കെട്ടുകണക്കിന് പണം കിട്ടിയ സുലോചന പല സ്വപ്നങ്ങളും കണ്ടുകൊണ്ടായിരുന്നു മടങ്ങിയത്. ഈ പണം തീരുന്നതുവരെ ഈ തൊഴിലിനു പോകത്തില്ല. ആഭാടമായ് ധൂർത്തടിച്ചുകളയാതെ അത്യാവശ്യത്തിനു മാത്രം ചിലവഴിക്കുക. ഇത്രയും പണം കയ്യിലുള്ള വിവരം ആരേയും അറിയിക്കാനും പറ്റത്തില്ല.വളരെ ഭദ്രമായി രഹസ്യമായി സൂക്ഷിക്കണം. ആരേയും അറിയിക്കാതിരിക്കണം. ജീവിതത്തിൽ ആദ്യമായാണ് ഇത്രയും പണം ഒന്നിച്ച് കാണുന്നതു തന്നെ. മാന്യമായി കഴിഞ്ഞ്, പഠിപ്പു പൂർത്തിയാക്കിയ ശേഷം മാന്യമായ് നല്ല ജോലി ചെയ്ത് ജീവിക്കണം. ഇളയ സഹോദരങ്ങളെ പഠിപ്പിച്ച് മിടുക്കരാക്കണം. അമ്മയുടെ ചികിത്സയെല്ലാം ഭംഗിയായി നിവ്വഹിക്കണം. ഇങ്ങിനെ പല പല നല്ല സ്വപ്നങ്ങളും കണ്ടുകൊണ്ടു പോയ അവൾ വീടിന്റെ മുൻപിൽ ചെന്നതറിഞ്ഞില്ല.

ആട്ടോറിക്ഷാകാരനെ പറഞ്ഞു വിട്ടശേഷം വീടിന്റെ പുരയിടത്തിലേക്ക് കടന്ന് നടന്നു കൊണ്ടിരുന്ന അവളുടെ പുറകിൽ കൂടെ നാണു വന്നത് സ്വപ്നലോകത്തുകൂടെ നടന്ന അവൾ അറിഞ്ഞില്ല. നാണു വന്ന ഉടനെ അവളെ കീഴ്പ്പെടുത്തി ബലാൽസംഗം ചെയ്യുകയായിരുന്നു. ആ ക്ഷീണത്തിൽ തളന്ന് കിടന്ന അവളെ അവന്റെ കയ്യിൽ കരുതിയിരുന്ന കയറുകൊണ്ട് കഴുത്തിൽ വരിഞ്ഞുമുറുക്കി കൊന്നു. എവിടെയെങ്കിലും കെട്ടിതൂക്കിയിട്ട് പോകാനായിരുന്നു ശ്രമിച്ചതും ആഗ്രഹിച്ചതും. അപ്പോൾ റോഡിൽ കൂടെ വന്ന വാഹനത്തിന്റെ വെളിച്ചത്തിൽ അവൻ ഓടി രക്ഷപെടുകയായിരുന്നു.

നാണുവിനെ കബളിപ്പിച്ചു കടന്ന സുലോചനയോടെ പകരം വീട്ടണമെന്നേ അവനാഗ്രഹിച്ചിരുന്നുള്ളു. അവളെ ബലാൽസംഗം ചെയ്തു കഴിഞ്ഞപ്പോഴാണ് കെട്ടുകണക്കിന് നൂറിന്റെ നോട്ടുകൾ കിട്ടിയത്. അത് അവൾക്ക് കൊടുക്കാൻ പാടില്ലാ എന്ന തീരുമാനത്തോടെയാണ് പിന്നീട് അവളെ കൊന്നത്.

നാണുവിന്റെ കയ്യിൽ അപ്രതീക്ഷിതമായ് വളരെയധികം പണം വന്നു ചേന്ന വിവരം കൂട്ടുകാരൻ ശങ്കരപിള്ളറയിഞ്ഞു. അവർ വളരെ അടുത്ത സുഹൃത്തുക്കളായിരുന്നു. എന്നാൽ ആ പണം എങ്ങിനെ കിട്ടിയെന്നുള്ള വിവരമൊന്നും ശങ്കരപിള്ളയ്ക്കറിയില്ലായിരുന്നു. കൂടാതെ സുലോചനയെ നാണു കൊലപപ്പടുത്തിയ വിവരവും അറിയില്ലായിരുന്നു.

''ഇത്രയും പണം ഇവനെന്തിനാ'' ഇതായിരുന്നു ശങ്കരപിള്ളയുടെ ചിന്ത. വളരെയധികം അത്യാവശ്യകാര്യങ്ങൾഠായ് വളരെ പണം അത്യവശ്യമായിരുന്നു ശങ്കരപിള്ളയ്ക്ക്. നാണുവിനോട് കടം ചോദിച്ചാൽ അവൻ തരികയില്ലന്നറിയാം. അറുത്ത കൈക്ക് ഉപ്പിടാത്തവനാണ് നാണുവെന്നത് അയാൾക്കറിയാമായിരുന്നു. അപ്പോൾ എങ്ങിനെയെങ്കിലും ആ പണം കൈക്കലാക്കണമെന്ന ഒറ്റ ഉദ്ദേശമെ ശങ്കരപിള്ളയ്ക്കുണ്ടായിരുന്നുള്ളു.

ഒരു ദിവസം രാതി ഒരു വലിയ ഇരുമ്പു വടികൊണ്ട് നാണുവിന്റെ പുറകിൽ കൂടെ ചെന്ന് അവന്റെ തലയ്ക്കടിച്ച് കൊന്നശേഷം നാണുവിന്റെ പെട്ടിഎടുത്ത് ഓടാൻ ശ്രമിക്കുമ്പോഴാണ് ഹോട്ടലിലെ മറ്റു ജീവനക്കാർ കൂടി ശങ്കരപിള്ളയെ പിടികൂടിയത്. നാണു വലിയതായ് അലറി ശബ്ദം ഉണ്ടാക്കിയതു കൊണ്ടാണ് ഹോട്ടലിലെ മറ്റു ജോലിക്കാർ വിവരമറിഞ്ഞത്.

എന്തായാലും ആ പണം ആക്കും അനുഭവിക്കാനിടയായില്ല. ശുലോചനയുടെ ഘാതകരാരാണെന്ന് ഇതുവരെ തെളിവായിട്ടില്ല.

രവിക്കു പറ്റിയത് ആരോടും പറയാനോ പങ്കുവെയ്ക്കാനോ കഴിയാതെ പോയി. വിമാനത്തിന്റെ ഒന്നാം ക്ലാസിൽ ഇരുന്ന് മടങ്ങി പറക്കുമ്പോഴും അയാളുടെ ഉള്ളു നീറുകയായിരുന്നു. പണ്ടാരാണ്ടോ പറഞ്ഞ പോലെ: ''ഞമ്മ പച്ച വെള്ളത്തിൽ കിടന്ന് എരിപൊരി കൊള്ളുകയാണ്''

അപ്രതീക്ഷിതമായ് അയാളെ രക്ഷിച്ചതാരാണ്.

സുലോചനയുടെ വീട്ടിലെ സ്ഥിതിഗതികൾ അറിയാവുന്ന സ്ഥിതിക്ക് അവൾ ഇപ്പോൾ മരിക്കുകയും താൻ കൊടുത്ത പണം ആ കുടുംബത്തിന് ഉപകരിക്കാതിരിക്കയും ചെയ്തപ്പോൾ അയാൾക്ക് വിഷമമായ്. ആ വീട്ടുകാക്ക് എന്തെങ്കിലും ധനസഹായം ചെയ്ത് സഹായിക്കണമെന്നയാൾ ആത്മാത്ഥമായ് ആഗ്രഹിച്ചു.

ധനസഹായം ആവശ്യമായുള്ളനിസ്സഹായകർ ഒരുവശത്ത്, മറുവശത്ത് അങ്ങിനെയുള്ളവരെ എങ്ങിനെ സഹായിക്കുമെന്നോത്ത് നിസ്സഹായ വസ്ഥയിൽ കഴിയുന്നവർ മറ്റൊരു വശത്ത്.

എങ്ങിനെയെങ്കിലും അവരെ സഹായിച്ചാൽ ആയത് ആവശ്യമില്ലാത്തഊരാകുടുക്കിൽകൊണ്ടെത്തിക്കുമെന്നയാൾ ഭയപ്പെട്ടു. ആ പാവങ്ങളെ സഹായിക്കാനായി ഒരുമ്പെട്ടാൽ ആവശ്യമില്ലാത്ത പല കാര്യങ്ങളിലേക്ക് അവർ തന്റെ പേർ വലിച്ചിഴക്കാൻ സാദ്ധ്യതയുണ്ടല്ലോ.

രാത്രിയിൽ എല്ലാവരും ഉറങ്ങികിടക്കുമ്പോൾ ആ വീടിന്റെ മുൻപിലേക്ക് അല്പം പണം വെച്ചിട്ടു പോയാൽ അവക്ക് സഹായമാകുമല്ലോയെന്നു കരുതി. ആ സമയം ആരെങ്കിലും അയാളെ കണ്ടാൽ, സുലോചനയുടെ ഘാതകനാണെന്ന് അയാളെ അവർ മുദ്ര കുത്താൻ സാദ്ധ്യതയുണ്ടല്ലോ. അഥവാ ആരും കണ്ടില്ലങ്കിൽ തന്നെ അപ്രതീക്ഷിതമായ് അത്രയും വലിയ തുക കാണുമ്പോൾ അത് നാട്ടുകാരാരെങ്കലും അറിഞ്ഞാൽ ഒന്നുകിൽ അവരെ കൊന്നിട്ട് പണം അവർ തട്ടിക്കൊണ്ടു പോകും, അല്ലങ്കിൽ ഏതെങ്കിലും വിധത്തിൽ അവരുടെ അടുക്കൽ നിന്നും തട്ടിപ്പറിച്ചുകൊണ്ടു പോകും. ഒരു വിധത്തിൽ കൂടെയെങ്കിലും ആ പാവങ്ങളായ് അർഹതയുള്ളവരെ സഹായിക്കാമെന്നു വെച്ചാൽ അതിനു സമ്മതിക്കാത്ത ജനങ്ങളാണല്ലോ. സഹായിക്കാൻ സന്മനസ്സാണെങ്കിലും അത് അഹിക്കുന്നവക്ക് ലഭ്യമാകാതിരിക്കുന്ന ചുറ്റുപാടണല്ലോ നമ്മുടേത്.

പോലീസിന്റെ കയ്യിൽ കിട്ടിയ ലക്ഷം രൂപാ കോടതിയിൽ ചെന്നപ്പോൾ വെറും ഇരുപത്തയ്യായിരം രൂപയായി; അതും എല്ലാം കള്ള നോട്ടുകളും.

ഇന്ന് ലോകത്തിന്റെ എവിടെചെന്നാലും ഇതു തന്നെ ഗതി എന്നയാൾ ചിന്തിച്ചു പോയി.